# നീർകാക്കകളെ കൊല്ലുന്ന കൊല്ലത്തുകാർ

വന്യജീവി സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുത്തി സംരക്ഷിക്കുന്ന നീർകാക്കകളെ കൂട്ടത്തോടെ വെടിവെച്ച് കൊല്ലാനുള്ള കൊല്ലം ജില്ലാ ആസൂത്രണസമിതിയുടെ തീരുമാനം വിവാദമാകുന്നു. കൊല്ലം ജില്ലയുടെ സമഗ്ര ജില്ലാ വികസന പദ്ധതിയിലുൾപ്പെടുത്തിയാണ് ഒരു ലക്ഷത്തോളം വരുന്ന നീർകാക്കകളുടെ എണ്ണം 70 ശതമാനം കുറയ്ക്കാനുള്ള പദ്ധതി തയ്യാറാക്കിയിരിയ്ക്കുന്നത്. പരിസ്ഥിതി പ്രവർത്തകരുടേയും സംഘടനകളു ടേയും ശക്തമായ എതിർപ്പിനെ വകവെയ്ക്കാതെ പദ്ധതിയുമായി മുന്നോട്ട് പോവുകയാണ് കൊല്ലം ജില്ലാ വികസന സമിതി.

ജില്ലയിൽ മത്സ്യകൃഷി നടത്തുന്നവരുടെ മീൻകെട്ടിൽ നിന്നും ഇരപിടിയ്ക്കുന്നു എന്നതാണ് നീർകാക്കകൾ ചെയ്യുന്ന കുറ്റം. പ്രദേശവാസികളായ മീൻപിടുത്തക്കാരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് എയർഗൺ ഉപയോഗിച്ച് വെടി വെയ്ക്കാനുള്ള നാല് ലക്ഷം രൂപ ചിലവുവരുന്ന പരിശീലന പരിപാടി ആരംഭിച്ചു കഴിഞ്ഞു. വൈകുന്നേരങ്ങളിൽ ഇരതേടി തിരിച്ചു വരുന്ന പക്ഷികളെയാണ് വേട്ടയാടുക. ഒരു നീർകാക്കയുടെ ജീവന് അഞ്ചുരൂപയാണ് ഇവർ വിലയിട്ടിരിക്കുന്നത്.

ജലാശയങ്ങളിൽനിന്നും ചെറുമത്സ്യങ്ങളെ മാത്രം തിന്നുജീവിക്കുന്ന പക്ഷിയാണ് നീർകാക്ക. വന്യജീവി സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടും ആവാസകേന്ദ്രങ്ങൾ നിയമ പരിരക്ഷ നൽകിയിട്ടും ഇവയ്ക്ക് കാര്യമായ വംശവർദ്ധനവുണ്ടായിട്ടില്ല. ജലാശയങ്ങളിലെ മലിനീകരണം, പാടശേഖരങ്ങൾ നികത്തിയതുമൂലമുണ്ടായ മത്സ്യസമ്പത്തിന്റെ ശോഷണം, ഇറച്ചിയ്ക്കുവേണ്ടിയുള്ള നായാട്ട് ഇവമൂലം നീർകാക്കയുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. പ്രകൃതിയിൽനിന്നും ഇരകിട്ടാതെ വരുമ്പോൾ മറ്റ് സ്രോതസ്സുകൾ തേടിപ്പോകുന്നത് സ്വാഭാവികമാണ്. ഇരപിടിച്ചും ഇരയായിത്തീർന്നുമുള്ള വ്യൂഹത്തിൽ മനുഷ്യൻ ഉൾപ്പെടെയുള്ള ചെറുതും വലുതുമായ അനേകം ജീവികൾ കണ്ണികളാണ്. ഓരോ ജീവിയ്ക്കും പ്രകൃതിയിൽ ഓരോ കടമകൾ നിർവ്വഹിക്കാനുണ്ട്. അമിതമായ വംശവർദ്ധനവ് ക്രമീകരിക്കാൻ സ്വാഭാവികമായ പ്രക്രിയയിലൂടെ സാധിയ്ക്കും. ഇവിടേയ്ക്ക് മനുഷ്യന്റെ വിവേചന രഹിതമായ കടന്നുകയറ്റം പല ദുരന്തങ്ങൾക്കും വഴി തെളിയിച്ചിട്ടുണ്ട്.

നീർകാക്കകൾക്ക് പ്രകൃതിയിൽ നിന്നും ലഭിച്ചിരുന്ന ഇരകളുടെയും അവയുടെ ആവാസകേന്ദ്രത്തിന്റെയും നാശത്തിനുള്ള കാരണത്തെക്കുറിച്ച് അന്വേഷിച്ച് പരിഹാരം കാണാതെ ഒരു നേരത്തെ ആഹാരത്തിന് ചെമ്മീൻ കെട്ടിൽനിന്നും ഇരപിടിച്ച കുറ്റത്തിന് വെടിവെച്ച് കൊല്ലാൻ വിധിയ്ക്കപ്പെടുന്നത് കാട്ടാളനീതിയാണ്.

വന്യജീവി സംരക്ഷണനിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ഇവയെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ സ്വാഭാവികമായ കടമയാണെന്നും നീർകാക്കകളെ വെടിവെച്ച് കൊല്ലാനുള്ള പദ്ധതി നഗ്നമായ നിയമലംഘനമാണെന്നും വേൾഡ് വൈൽ ലൈഫ് ഫണ്ടിന്റെ വിദ്യാഭ്യാസ ഓഫീസർ കെ.കെ. ശിവകുമാർ ആരോപിക്കുന്നു. ഈ പദ്ധതിയ്ക്കെതിരെ വ്യാപകമായ പ്രചരണം നടത്തുമെന്നു ശിവകുമാർ പറയുന്നു. നീർകാക്കകളെ വെടിവെച്ചു കൊല്ലാനുള്ള പദ്ധതി അവസാനിപ്പി യ്ക്കാനായി പരിസ്ഥിതി പ്രവർത്തകനായ യേശുദാസ് വരാപ്പുഴ മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്.

ബന്ധങ്ങൾക്ക്: യേശുദാസ് – 9846441262



മേതിൽ വേണുഗോപാൽ